GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/06/2026

1. മഴ, വെള്ളപ്പൊക്കം, ശക്തമായ കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികളും വിവരങ്ങളും അതിവേഗം ബന്ധപ്പെട്ട കൃഷി ഓഫീസുകൾക്ക് കൈമാറി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. ഇതോടനുബന്ധിച്ച്, എയിംസ് (AIMS) പോർട്ടൽ മുഖേന കർഷകർ സമർപ്പിക്കുന്ന അപേക്ഷകളുടെയും നഷ്ടപരിഹാര നടപടികളുടെയും പുരോഗതി തത്സമയം നിരീക്ഷിക്കാൻ കഴിയുന്ന ഡാറ്റാബേസും സജ്ജീകരിച്ചിട്ടുണ്ട്. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി

കർഷകർക്ക് താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. തിരുവനന്തപുരം – **9383470086,** കൊല്ലം – **9383470318,** ആലപ്പുഴ – **9383470561,** കോട്ടയം i/c –**99383470704,** പത്തനംതിട്ട – **9383470499,** എറണാകുളം – **9383471150,** ഇടുക്കി – **9383470821,** തൃശ്ശൂർ – **9383473242,** പാലക്കാട്– **9383471457,** മലപ്പുറം – **9383471618,** കോഴിക്കോട് – **9383471779,** വയനാട് – **9383471912,** കണ്ണൂർ – **9383472028,** കാസർഗോഡ് – **9383471961.**

2. കേരള അഗ്രിക്കൾച്ചറൽ യുണിവേഴ്സിറ്റിയിലെ തൃശ്ശൂർ വെള്ളാനിക്കര, ക്യാമ്പസിലുള്ള ബയോടെക്നോളജി ഡിപ്പാർട്മെന്റിൽ ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ വില്പനക്ക് ലഭ്യമാണ്. **റോബസ്റ്റ തൈ** ഒന്നിന് 25 രൂപ നിരക്കിലും, **നെടുനേന്ത്രൻ തൈ** ഒന്നിന് 40 രൂപ നിരക്കിലും രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ലഭ്യമാണ്. ഫോൺ നമ്പർ 9048178101, 0487–2438576.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കായുള്ള ജൈവ ഇടപെടലുകൾ" **(Organic Interventions for Crop Sustainability)**

എന്ന വിഷയത്തിൽ മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 2026 ജൂൺ 15 മുതൽ 2026 സെപ്റ്റംബർ 15 വരെ.വിദ്യാഭ്യാസ യോഗ്യത: കുറഞ്ഞത് പ്ലസ് ടു പാസായിരിക്കണം. രജിസ്ട്രേഷൻ ഫീ: ₹100, കോഴ്സ് ഫീ: ₹4000 രൂപ . കോഴ്സ് ദൈർഘ്യം: 3 മാസത്തിനിടയിൽ ആകെ 50 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ക്ലാസുകൾ റെക്കോർഡ് ചെയ്യുന്നതല്ല. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 2026 മെയ് 30. കൂടുതൽ വിവരങ്ങൾക്ക് cti@kau.in എന്ന ഇമെയിൽ വിലാസത്തിലോ അല്ലെങ്കിൽ 0487 2371104, 8547837256 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## കാർഷിക നിർദേശം

ബാക്ടീരിയ മൂലമുണ്ടാകുന്ന വാട്ടരോഗം മഴക്കാലത്ത് ഇഞ്ചിയിൽ കണ്ടു വരുന്ന പ്രധാന രോഗമാണ്. ചെടികൾ പെട്ടെന്ന് വാടുകയും കടചീയുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. ‘പച്ചവാട്ടം’ എന്നറിയപ്പെടുന്ന ഈ രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം രോഗം ബാധിച്ചവ പിഴുത് മാറ്റിയശേഷം കുമ്മായം സെന്റൊന്നിന് 2.5 കിലോ

വീതം ഇടണം എന്നിട്ട് ഒരാഴ്ച്ച കഴിഞ്ഞ് 1 കിലോഗ്രാം സ്യൂഡമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് രോഗം ബാധിച്ച തടങ്ങളിലും അതിനു ശേഷം ചുറ്റുമുള്ള തടങ്ങളിലും ഇട്ട് കൊടുക്കണം.